# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഏപ്രിൽ 09 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## ഫീമോഫീലിയ, തലസ്സീമിയ മരുന്നുകൾ ലഭ്യമാക്കാൻ പ്രത്യേക ക്രമീകരണം

തൃശൂർ മെഡിക്കൽ കോളേജിലെ ശിശുരോഗ വിഭാഗത്തിൽ തലസ്സീമിയ, ഫീമോഫീലിയ മറ്റു രക്തസംബന്ധമായ അസുഖങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ചികിത്സയിലുള്ള കുട്ടികൾക്ക് സ്ഥിരമായി കഴിക്കുന്ന മരുന്നുകളുടെ വിതരണം ജില്ലാ മെഡിക്കൽ ഓഫീസറുടെയും മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ നേതൃത്വത്തിൽ നടത്തും. തലസ്സീമിയ രോഗികൾക്കുള്ള മരുന്നുകൾ പ്രത്യേക വളണ്ടിയർമാർ വഴി അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിലോ മറ്റ് സർക്കാർ സ്ഥാപനങ്ങളിലോ ലഭ്യമാക്കും. മരുന്ന് മുടങ്ങാതെ കൃത്യമായി കഴിക്കുന്നുവെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തണം. ഏപ്രിൽ 11 മുതൽ സർക്കാർ ആരോഗ്യസ്ഥാപനങ്ങളിൽ ഈ മരുന്നുകൾ ലഭ്യമാകും.

ഫീമോഫീലിയ രോഗികൾക്ക് ബ്ലീഡിംഗ് ഉണ്ടായാൽ അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ചികിത്സാ വിവരങ്ങളുമായി ബന്ധപ്പെടണം. മാസം തോറും രക്തം സ്വീകരിക്കേണ്ടി വരുന്ന രോഗികൾക്ക് മെഡിക്കൽ കോളേജിൽ വരാൻ സാധിക്കാത്ത സാഹചര്യത്തിൽ അടുത്തുള്ള ആരോഗ്യകേന്ദ്രവുമായി ബന്ധപ്പെടാവുന്നതും സൗകര്യമുള്ള സ്ഥലത്തു നിന്നും രക്തം സ്വീകരിക്കാവുന്നതുമാണ്. സംശയനിവാരണത്തിനായി താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടണം.

ഡോ. ഷീല, നോഡൽ ഓഫീസർ (ഹീമോഫീലിയ), ഗവ. മെഡിക്കൽ കോളേജ്, തൃശൂർ-8547007699.

ഡോ. ഉണ്ണികൃഷ്ണൻ, ആർസിഎച്ച് ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), തൃശൂർ-9947795137.

ഡോ. വിപിൻ, ഗവ. മെഡിക്കൽ കോളേജ്, തൃശൂർ-9496253604.

## വർക് ഷോപ്പുകൾ വ്യാഴം, ഞായർ തുറക്കാം

കോവിഡ് 19 ലോക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ നിയന്ത്രണങ്ങളോടെ വർക് ഷോപ്പുകൾ തുറന്നു പ്രവർത്തിക്കാൻ സർക്കാർ അനുമതിയായി. വ്യാഴവും ഞായറും മാത്രം തുറക്കാനാണ് അനുമതി ലഭിച്ചിരിക്കുന്നത്. 10 മുതൽ അഞ്ച് മണി വരെയാണ് സമയം. ഇൻഷുറൻസ് ക്ലെയിമുമായി ബന്ധപ്പെട്ട ജോലികൾക്ക് മാത്രമാണ് വർക്ക്ഷോപ് തുറക്കാൻ

അനുമതിയായിരിക്കുന്നത്. പെയിന്റിംഗ്, അപ്ഹോൾസ്റ്ററി, വാഷിങ് തുടങ്ങിയ ജോലികൾ ലോക് ഡൗൺ സമയത്ത് ചെയ്യാൻ പാടുള്ളതല്ല. ഇൻഷുറൻസ് ക്ലെയിം ചെയ്യാനുള്ളതാണെങ്കിൽ മാത്രം പെയിന്റിംഗ് നടത്താം. ടയർ, ഓട്ടോമേറ്റീവ് ബാറ്ററി എന്നിവയുടെ ജോലികളും ചെയ്യാവുന്നതാണ്. അത്യാവശ്യമുള്ള തൊഴിലാളികളെ മാത്രം ജോലിയ്ക്ക് വെയ്ക്കണമെന്നും ചീഫ് സെക്രട്ടറി അറിയിച്ചു.

## പച്ചക്കറി സംഭരണ വിപണന പദ്ധതിക്ക് തുടക്കം

അന്നമനട പഞ്ചായത്തിൽ കൃഷി വകുപ്പിന്റെ പച്ചക്കറി സംഭരണ-വിപണന പദ്ധതി ആരംഭിച്ചു. അഡ്വ. വി ആർ സുനിൽകുമാർ എംഎൽഎ ആദ്യ വിൽപന നടത്തി. പച്ചക്കറി കർഷകരെ സഹായിക്കുന്നതിനും ജനങ്ങൾക്ക് മികച്ച ഉൽപ്പന്നങ്ങൾ ലഭിക്കുന്നതിനുമായി കൃഷി വകുപ്പാണ് പദ്ധതി നടപ്പിലാക്കുന്നത്. കാർഷിക ഗ്രാമമായ അന്നമനടയിൽ ഭൂരിപക്ഷം പേരും കൃഷി ചെയ്ത ഉൽപ്പന്നങ്ങൾ ലോക് ഡൗൺ കാരണം വിൽക്കാൻ കഴിയാത്ത അവസ്ഥയിലാണ്. അതുകൊണ്ടുതന്നെ സർക്കാർ പദ്ധതിയിൽ കർഷകർക്ക് പച്ചക്കറികൾ വിൽക്കാൻ അവസരം ലഭിച്ചിരിക്കുകയാണ്. അന്നമനട ഫാർമേഴ്സ് ക്ലബ്ബ് നേതൃത്വം നൽകിയാണ് സർക്കാർ പദ്ധതി നടപ്പാക്കുന്നത്. അന്നമനടയിലെ കർഷകരിൽ നിന്ന് സംഭരിക്കുന്ന പച്ചക്കറികൾ കിറ്റുകളിലാക്കി ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കുന്നതിന് ഫാർമേഴ്സ് ക്ലബ്ബ് നേതൃത്വം നൽകുന്നു. ഈ പദ്ധതിയിലൂടെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില അപ്പോൾ തന്നെ ലഭിക്കുന്നതിന് പുറമേ ജനങ്ങൾക്ക് നേരിട്ട് നല്ല നാടൻ പച്ചക്കറി കിട്ടുമെന്ന പ്രത്യേകതയുമുണ്ടെന്ന് അഡ്വ. വി.ആർ.സുനിൽകുമാർ എം.എൽ.എ.പറഞ്ഞു. ആഴ്ചയിൽ രണ്ട് തവണ കർഷകരിൽ നിന്ന് പച്ചക്കറികൾ സംഭരിക്കാനാണ് പദ്ധതി. കൃഷി വകുപ്പ് നിർദ്ദേശനുസരിച്ച് തുടങ്ങിയ പച്ചക്കറി സംഭരണ-വിപണന പദ്ധതി കർഷകർക്കും ജനങ്ങൾക്കും ഏറെ പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലോക് ഡൗണിന് ശേഷവും വിപണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുമെന്ന് ഫാർമേഴ്സ് ക്ലബ് ഭാരവാഹികൾ അറിയിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: അഡ്വ വി ആർ സുനിൽ കുമാർ എംഎൽഎ അന്നമനട പഞ്ചായത്തിൽ പച്ചക്കറി സംഭരണ വിപണന കേന്ദ്രത്തിന്റെ ആദ്യ വില്പന നടത്തുന്നു***

## ഇരിങ്ങാലക്കുട മാർക്കറ്റിൽ അണുനശീകരണ ടണൽ സ്ഥാപിച്ചു

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഇരിങ്ങാലക്കുട നഗരസഭ മാർക്കറ്റിൽ അണുനശീകരണ ടണൽ സ്ഥാപിച്ചു. ഈസ്റ്ററും വിഷുവുമെല്ലാം അടുത്തിരിക്കുന്ന സാഹചര്യത്തിൽ മാർക്കറ്റിൽ തിരക്ക് വർധിക്കാൻ സാധ്യതയുള്ളതിനാലാണ് ടണൽ സ്ഥാപിച്ചത്. കഴിഞ്ഞ ദിവസം ചേർന്ന നഗരസഭയുടെ അടിയന്തര കോവിഡ് പ്രതിരോധ അവലോക യോഗത്തിലാണ് ഇത് സംബന്ധിച്ച് തീരുമാനം എടുത്തിരുന്നത്. മാർക്കറ്റിലേയ്ക്കുള്ള മറ്റ് വഴികൾ അടച്ച് ഒരു വഴിയിലൂടെ മാത്രം പ്രവേശനം ഏർപ്പെടുത്തി അവിടെ ടണൽ സ്ഥാപിക്കുകയായിരുന്നു. ടണലിൽ ഘടിപ്പിച്ചിരിക്കുന്ന 12 ഫോഗറുകളിലൂടെ അണുനശീകരണ ലായനി സ്പ്രേ ചെയ്യുന്ന രീതിയിലാണ് ഇതിന്റെ പ്രവർത്തനം. മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ടണൽ ക്രൈസ്റ്റ് എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർഥികളുടെ സാങ്കേതിക സഹായത്തോടെ ആകെ ഇരുപതിനായിരം രൂപ ചിലവിലാണ് നിർമ്മിച്ചിരിക്കുന്നത്. നഗരസഭ ചെയർപേഴ്സൺ നിമ്യ ഷിജു അണുനശീകരണ ടണലിന്റെ ഉദ്ഘാടനം നിർവഹിച്ചു. വൈസ് ചെയർപേഴ്സൻ രാജേശ്വരി ശിവരാമൻ നായർ, സെക്രട്ടറി കെ. എസ് അരുൺ, ഡി വൈ എസ് പി ഫേമസ് വർഗ്ഗീസ്, സി ഐ എം.ജെ. ജിജോ, ക്രൈസ്റ്റ് എഞ്ചിനീയറിംഗ് കോളേജ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോൺ പാല്യേക്കര, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, കൗൺസിലർമാർ, ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ, ജീവനക്കാർ, ജനമൈത്രി പോലീസ് അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ഇരിങ്ങാലക്കുട മാർക്കറ്റിൽ സ്ഥാപിച്ച അണുനശീകരണ ടണലിലൂടെ ഏങ്ങനെ കടന്ന് പോകണം എന്ന് ഡിവൈഎസ്പി ഫേമസ് വർഗ്ഗീസ് ജനങ്ങൾക്ക് കാണിച്ച് കൊടുക്കുന്നു.***

## കോവിഡ് 19 : ക്യാൻസർ രോഗിയായ കരീമിന് ജീവൻരക്ഷാ മരുന്നുകൾ എത്തിച്ചു നൽകി വടക്കേക്കാട് പോലീസ്

ക്യാൻസർ രോഗിയായ കരീമിന് ജീവൻരക്ഷാ മരുന്നുകൾ എത്തിച്ചു നൽകി വടക്കേക്കാട് പോലീസ്. ക്യാൻസർ രോഗത്തിന് ചികിത്സയിൽ കഴിയുന്ന വടക്കേക്കാട് മണികണ്ഠേശ്വരം സ്വദേശി ചാകുണ്ടയിൽ കരീമിനാണ് (65) മരുന്ന് എത്തിച്ച് നൽകിയത്. ദിവസവും കഴിക്കാനുള്ള മരുന്ന് തീർന്നുപോയതിനെ തുടർന്ന് വിഷമത്തിലായ കരീം നാട്ടിലുള്ള മുഴുവൻ മെഡിക്കൽ സ്റ്റോറുകളിലും തിരയുകയും ബന്ധുക്കളോടും സുഹൃത്തുക്കളോടും സഹായമഭ്യർത്ഥിക്കുകയും ചെയ്തു. എന്നിട്ടും യാതൊരു പ്രയോജനവും ഇല്ലാതായപ്പോൾ കരീം വടക്കേക്കാട് പോലീസ് സ്റ്റേഷനിലേക്ക് വിളിക്കുകയും തുടർന്ന് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഓ എം സുരേന്ദ്രൻ ഇക്കാര്യം ഏറ്റെടുക്കുകയുമായിരുന്നു. മരുന്ന് കോഴിക്കോട് മുക്കം എംവിആർ ക്യാൻസർ ആശുപത്രി മെഡിക്കൽ സ്റ്റോറിൽ ലഭ്യമാണെന്ന് മനസ്സിലാക്കിയ ഉദ്യോഗസ്ഥർ വിവരം കൈമാറിയത് പ്രകാരം കോഴിക്കോട് പ്രദേശത്തെ ഹൈവേ പോലീസ് മരുന്ന് മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങാൻ തീരുമാനിച്ചു.

തുടർന്ന് കോവിഡ്-19 ലോക്ക്ഡൌൺ കാലത്ത് ജീവൻരക്ഷാ മരുന്ന് ലഭ്യമാക്കുന്നതിന് കേരളാ പോലീസ് ഏർപ്പെടുത്തിയ സംവിധാനത്തിലൂടെ കോഴിക്കോട് ഹൈവേ പോലീസിൽ നിന്നും ഏറ്റുവാങ്ങി വിവിധ പോലീസ് സ്റ്റേഷനുകളുടെ സഹായ സഹകരണത്തോടെ മണിക്കൂറുകൾക്കകം വടക്കേക്കാട് പോലീസ് സ്റ്റേഷനിലെത്തിച്ചു. ഈ സമയം വടക്കേക്കാട് പോലീസ് സ്റ്റേഷനിൽ കാത്തിരുന്ന കരീമിന്റെ ബന്ധു നിസാർ വടക്കേക്കാട് എസ്.എച്ച്.ഓ സുരേന്ദ്രനിൽ നിന്നും മരുന്നുകൾ ഏറ്റുവാങ്ങി. മരുന്നില്ലാതെ വലഞ്ഞപ്പോൾ കൃത്യസമയത്ത് മരുന്ന് എത്തിച്ചു നൽകാൻ കേരളാ പോലീസ് ഏർപ്പെടുത്തിയ സംവിധാനത്തിന് കരീമും കുടുംബവും നന്ദിയറിയിച്ചു.

## അമ്മാടം സർവ്വീസ് സഹകരണ ബാങ്ക് ദുരിതാശ്വാസ നിധിയിലേയ്ക്ക് 12.63 ലക്ഷം രൂപ നൽകി

അമ്മാടം സർവ്വീസ് സഹകരണ ബാങ്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 12,63,450 രൂപ സംഭാവന നൽകി. ബാങ്ക് വിഹിതവും, ജീവനക്കാരുടെ ഒരുമാസ ശമ്പളവും, പ്രസിഡന്റിന്റെ ഒരുമാസ അലവൻസും, ഡയറക്ടർമാരുടെ ഒരുമാസ സിറ്റിംഗ് ഫീസും അടക്കമാണ് 12,63,450 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയത്. ഗീതാഗോപി എം എൽ എയ്ക്ക് ബാങ്ക് പ്രസിഡൻറ് സെബി ജോസഫ് പല്ലിശ്ശേരി ചേക്ക് കൈമാറി. ബാങ്ക് ഓഫീസിൽ നടന്ന ചടങ്ങിൽ വൈസ് പ്രസിഡന്റ് സുഭാഷ് മാരാത്ത്, സെക്രട്ടറി പി എസ് ജയശങ്കർ, ബാങ്ക് ഡയറക്ടർമാരായ സി.വി സുധീരൻ, ഭോജൻ കാരണത്ത്, ഇ ആർ ജിഷ് രാജ്, വനജ രാജൻ ,സി എം ഷക്കിർ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: അമ്മാടം സർവ്വീസ് സഹകരണ ബാങ്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുന്ന തുക ബാങ്ക് പ്രസിഡന്റ് സെബി ജോസഫ് പല്ലിശ്ശേരിയിൽ നിന്നും ഗീതാ ഗോപി എംഎൽഎ ഏറ്റുവാങ്ങുന്നു***

## അടച്ചിടൽ മത്സരത്തിൽ പങ്കെടുക്കാം

ലോക്ക് ഡൗണുമായി ബന്ധപ്പെട്ട് വീടുകളിൽ കഴിയുന്നവരുടെ ക്രിയാത്മകതയും സർഗ്ഗവാസനകളും പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) കാർട്ടൂൺ രചന, സ്ലോഗൻ, ടിക്ടോ വീഡിയോ എന്നിവയിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. കോവിഡ് 19 മായി ബന്ധമുള്ള ഏതു വിഷയവും ഇതിനായി തിരഞ്ഞെടുക്കാം. പ്രായഭേദമേന്യ ഏതു ജില്ലയിലുള്ളവർക്കും പങ്കെടുക്കാം. മത്സരാർത്ഥികൾ dmohtsrcompetitions@gmail.com എന്ന ഇ-മെയിലേക്ക് ഏപ്രിൽ 15 നകം എൻട്രികൾ അയക്കണം. കൂടുതൽ വിവരങ്ങൾക്ക് മാസ് മീഡിയ വിഭാഗവുമായി ബന്ധപ്പെടുക. ഫോൺ: 9447919179, 9947633096, 9496527397.

# തുടരും